പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *77** **30.10.2019-ൽ മറുപടിയ്ക്ക്**

# ഗോത്രരശ്മി പദ്ധതി

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

**ശ്രീ.കെ. ആൻസലൻ**

**ശ്രീ.എം. മുകേഷ്**

**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**

**എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ആദിവാസി, ഗോത്ര വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 'ഗോത്രരശ്മി' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നേതൃശേഷി വളർത്തുകയും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ കാര്യ പ്രാപ്തി സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്രരശ്മി പദ്ധതി നടപ്പിലാക്കിയത്. ഇടുക്കി ജില്ലയിലെ മുതുവാൻ, മന്നാൻ, ഊരാളി, പളിയ, ഹിൽപുലയ വിഭാഗങ്ങൾക്കിടയിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 'വിവ' എന്ന സംഘടനയുടെ സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) | പട്ടികവർഗ്ഗ ആവാസ മേഖലയുടെ പ്രകൃതത്തിന് ഇണങ്ങിയ കാർഷിക പ്രവർത്തനങ്ങൾ തിരിച്ചു കൊണ്ടുവരിക, ഗോത്രപാരമ്പര്യവും കലകളും പുതിയ തലമുറയ്ക്ക് പകർന്നു നൽകുക, പ്രാദേശിക ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ കഴിവുള്ള വളണ്ടിയർമാരെ ഗോത്രവിഭാഗങ്ങളിൽ തന്നെ സൃഷ്ടിച്ചെടുക്കുക, സാധ്യമായ സ്ഥലങ്ങളിൽ പരമ്പരാഗത കൃഷി രീതികൾ തിരിച്ചു കൊണ്ടുവരിക, സ്വന്തമായ വിപണന-വിനിമയ സൗകര്യങ്ങളൊരുക്കുക, സാമൂഹിക വിദ്യാഭ്യാസ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, റിസോഴ്സ് ഗ്രൂപ്പുകൾ സൃഷ്ടിക്കുക, |

| | | | |
|---|---|---|---|
| | | | സ്വയംസഹായ സംഘങ്ങളുടെ ശൃംഖലകൾ രൂപീകരിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഗോത്രരശ്മി പദ്ധതിക്കുള്ളത്. |
| സി) | പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിശീലന ക്ലാസ്സുകളും സെമിനാറുകളുമാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | സി) | പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്.<br>1. ഋതുഭേദങ്ങൾക്ക് അനുസരിച്ച് കൃഷിയും ജീവിത രീതിയും രൂപപ്പെടുത്തുന്നത് സംബന്ധിച്ച ശിൽപശാലകൾ.<br>2. കൃഷിയും കലാരൂപങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഓർഗാനിക് തീയേറ്റർ<br>3. ലിംഗപദവി പരിശീലനം<br>4. നേതൃത്വപരിശീലനം<br>5. സമൂഹത്തെ കുറിച്ചും വ്യക്തിയെ കുറിച്ചും മനസിലാക്കുന്നതിന് ഉപകരിക്കുന്ന പങ്കാളിത്താധിഷ്ഠിത ഗ്രാമാവലോകനം (പിആർഎ)<br>6. റിസോഴ്സ് ഗ്രൂപ്പുകളുടെ പരിശീലനം |
| ഡി) | ആദിവാസി വിഭാഗങ്ങൾക്കിടയിലെ വൈവിധ്യമാർന്ന സാംസ്കാരിക ഉറവിടങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് അവ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) | ആദിവാസി സമൂഹങ്ങളുടെ വൈവിധ്യമാർന്ന സാംസ്കാരിക പാരമ്പര്യം പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ ഗോത്രരശ്മിയുടെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി.<br>1. ഓർഗാനിക് തിയേറ്റർ<br>2. ഋതുഭേദ പഠനം<br>3. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി ചേർന്ന് 11 ലൈബ്രറികൾ<br>4. കലാ-സാസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ശേഷിയുള്ള 35 ഗോത്രരശ്മി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇവരുടെ നേതൃത്വത്തിൽ തരിശ് ഭൂമിയിൽ പുതിയതായ കൃഷിയിറക്കുകയും കൊയ്ത്തുത്സവം നടത്തുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**